## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1472 16.03.2015-ലെ മറുപടിക്ക്

### ക്ഷീരകർഷക ക്ഷേമനിധി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി: | | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷക ക്ഷേമനിധിയിൽ നിലവിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ട് ; | (എ) | 2,37,985 പേർ അംഗങ്ങളായിട്ടുണ്ട്. |
| (ബി) ക്ഷേമനിധിയിൽ നിന്നും നിലവിൽ എത്രപേർക്ക് പെൻഷൻ നൽകിവരുന്നുണ്ട് ; | (ബി) | 52,570 പേർക്ക് പെൻഷൻ നൽകിവരുന്നുണ്ട്. |
| (സി) മറ്റ് എന്തെല്ലാം ആനുകൂല്യങ്ങളാണ് ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും അംഗങ്ങൾക്ക് നൽകി വരുന്നത് ; വിശദാംശം വ്യക്തമാക്കാമോ?. | (സി) | താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ക്ഷേമനിധിയിൽ നിന്നും ക്ഷീരകർഷകർക്കും അവരുടെ ആശ്രിതർക്കുമായി നൽകി വരുന്നുണ്ട്.<br>1.<u>കുടുംബപെൻഷൻ</u>-മരണമടഞ്ഞ പെൻഷണറുടെ ആശ്രിതർക്ക് കുടുംബപെൻഷൻ നൽകിവരുന്നു. ഇതുവരെ 3431 പേർക്ക് കുടുംബപെൻഷൻ അനുവദിച്ചിട്ടുണ്ട്.<br>2.<u>വിവാഹ ധനസഹായം</u>-- കേരള ക്ഷീരകർഷകക്ഷേമനിധി അംഗങ്ങളായിട്ടുള്ള ക്ഷീരകർഷകരുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുന്നുണ്ട്. 31.05.2014 ലെ സ.ഉ.(സാ)നം. 950/14/കൃഷി നമ്പർ ഉത്തരവ് പ്രകാരം ടി ധനസഹായ തുക 1000/- രൂപയിൽ നിന്നും 5000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ ആകെ 5835 അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.<br>3.<u>മരണാനന്തര ധനസഹായം</u>- ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടുള്ള കർഷകർ മരണമടയുമ്പോൾ ടിയാന്റെ ആശ്രിതർക്ക് മരണാനന്തര ധനസഹായം അനുവദിച്ചു വരുന്നു. 31.5.2014 ലെ സ.ഉ.(സാ) നം.950/2014/കൃഷി നമ്പർ ഉത്തരവ് പ്രകാരം മരണാനന്തര ധനസഹായം 1000/- രൂപയിൽ നിന്നും 3000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ മരണാനന്തര ധനസഹായം 6378 പേർക്ക് അനുവദിച്ചിട്ടുണ്ട്. |

4.<u>വിദ്യാഭ്യാസ ധനസഹായം</u>- ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങളായിട്ടുള്ള കർഷകരുടെ മക്കളുടെ വിദ്യാഭ്യാസത്തിന് ധനസഹായം അനുവദിച്ചുവരുന്നുണ്ട്. നിലവിൽ 2582 അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

5. <u>മികച്ച ക്ഷീരകർഷകനുള്ള അവാർഡ്</u>-

ആകെ 76 കർഷകർക്ക് ഇതുവരെ ഈ ഇനത്തിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. 31.05.2014 ലെ സ.ഉ.(സാ)നം.950/14/കൃഷി നമ്പർ ഉത്തരവ് പ്രകാരം മികച്ച ക്ഷീരകർഷകർക്കുള്ള അവാർഡ് തുക 2000/- രൂപയിൽ നിന്നും 5000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ഇതു കൂടാതെ സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീകർഷകർക്ക് വേണ്ടി ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിയും നടപ്പിലാക്കി വരുന്നു.

ഇതനുസരിച്ച് ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് അപകടമരണം 50,000/- രൂപ, അപകടം മൂലം സ്ഥായിയായ അവശത 10,000/- രൂപ, മാരകരോഗം പരമാവധി 15,000/- രൂപ, പകർച്ചവ്യാധി, പാമ്പുകടി, പേവിഷബാധ 2000/- രൂപ, മാരക മുറിവുകൾ 2000/- രൂപ എന്നിങ്ങനെ ധനസഹായം നൽകിവരുന്നു.

ആകെ 2629 അപേക്ഷകർക്ക് ഇതുവരെ ഇപ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ